LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ചാലക്കുടി മണ്ഡലത്തിലെ പുതുരുത്തി ചെക്ക് ഡാമിന്റെ എസ്റ്റിമേറ്റ് 2014 ഡി.എസ്.ആർ. പ്രകാരം തയ്യാറാക്കിവരുന്നു. തട്ടുപാറ തടയണയുടെ നിർമ്മാണം 37.5% പൂർത്തിയായി എന്നാൽ തുടർച്ചയായ നിർദ്ദേശങ്ങൾക്കുശേഷവും കരാറുകാരൻ ശ്രീ. പി. കെ. മോഹനൻ പ്രവൃത്തി പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കാത്തതുകൊണ്ട് നഷ്ടോത്തരവാദിത്വത്തിൽ കരാർ റദ്ദ് ചെയ്തിട്ടുണ്ട്. തട്ടുപാറ തടയണയുടെ ബാക്കിയുള്ള പണികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ദർഘാസ് നടപടികൾ പൂർത്തീകരിക്കേണ്ടതായുണ്ട്. തടസ്സങ്ങൾ നീക്കി നിർമ്മാണം പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

തൃശ്ശൂർ ജില്ലയിലെ മുളയം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

193 (858) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃശ്ശൂർ ജില്ലയിലെ മുളയം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് ടെക്നിക്കൽ സാംഗ്ഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

തൃശ്ശൂർ ജില്ലയിലെ മുളയം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് സാങ്കേതികാനുമതിക്കുള്ള പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ (ഐ&എ)-നിന്നും ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ഗുണഭോക്തൃ സമിതികളുടെ ചെറുകിട ജലവിതരണ പദ്ധതികൾക്കുള്ള ധനസഹായം

194 (859) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുണഭോക്തൃ സമിതികളുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് എത്ര ചെറുകിട ജലവിതരണ പദ്ധതികൾ നടത്തുന്നുണ്ട് എന്ന് വിശദമാക്കുമോ ;

(ബി) അവർക്ക് ഓപ്പറേറ്റിംഗ്, മെയിന്റനൻസ് ഇനത്തിൽ എന്തെങ്കിലും സഹായം ജലനിധിയോ, വാട്ടർ അതോറിറ്റിയോ ചെയ്ത് കൊടുക്കുന്നുണ്ടോ ;

(സി) എങ്കിൽ ഗുണഭോക്തൃ സമിതികൾ (B. G.) മുഖേന നടത്തുന്ന ജലവിതരണ പദ്ധതികൾക്ക് വാർഷിക അടിസ്ഥാനത്തിൽ എന്തെങ്കിലും ധനസഹായം നൽകുന്ന കാര്യം പരിഗണിക്കുമോ ?